# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3622 20/06/2019-ൽ മറുപടിക്ക്

## പേവിഷ പ്രതിരോധ കുത്തിവെയ്പ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) | |
| എ) | സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമാണോ; ഇതിനുള്ള മരുന്നുകൾ ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിൽ ലഭ്യമാണെന്ന് വ്യക്തമാക്കാമോ? | എ) | പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് സർക്കാർ ആശുപത്രികളിൽ തികച്ചും സൗജന്യമായാണ് നൽകുന്നത്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ പേവിഷ പ്രതിരോധ കുത്തിവെയ്പ്പായ ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ (IDRV ) സൗജന്യമായി നൽകി വരുന്നുണ്ട്. |
| ബി) | പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമായിട്ടും സംസ്ഥാനത്ത് 2018 ൽ ആറുപേരും ഈ വർഷം ഇതുവരെ 3 പേരും പേവിഷബാധ മൂലം മരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ബി) | പേവിഷബാധ ചികിത്സ സംബന്ധമായ പരിശീലനം ഡോക്ടർമാർക്കും നഴ്സ്മാർക്കും എല്ലാ ജില്ലകളിലും നൽകിവരുന്നുണ്ട്. കൂടാതെ മറ്റ് ഡോക്ടർമാർക്കും ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കും, ആശമാർക്കും, പൊതുജനങ്ങൾക്കും പേവിഷബാധയെക്കുറിച്ചും, സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. അത് ശക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>മെഡിക്കൽ കോളേജാശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പേ വിഷബാധ പ്രതിരോധം സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ